# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3305 14.07.2015-ലെ മറുപടിക്ക്

## സാമ്പത്തിക പ്രതിസന്ധിയും ഓവർ ഡ്രാഫ്റ്റും

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. ബി. സത്യൻ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ ഏതെങ്കിലും ദിവസം റിസർവ് ബാങ്കിൽ ഉണ്ടായിരിക്കുന്ന ക്യാഷ് റിസർവ് പരിധി നിലനിർത്താൻ സാധിക്കാതെ വരികയുണ്ടായോ ; എങ്കിൽ ഏതെല്ലാം തീയതികളിൽ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2015 ജൂൺ 30 വരെയുള്ള കണക്കുകൾ പ്രകാരം റിസർവ് ബാങ്കിൽ ഉണ്ടായിരിക്കുന്ന ക്യാഷ് റിസർവ് പരിധി നിലനിർത്താൻ സാധിക്കാതെ വന്ന ദിവസങ്ങൾ ചുവടെ ചേർക്കുന്നു.<br>08.10.2013, 09.04.2014, 04.09.2014 മുതൽ 11.09.2014 വരെ, 09.10.2014 മുതൽ 11.10.2014 വരെ, 06.01.2015 മുതൽ 12.01.2015 വരെ, 04.03.2015 മുതൽ 10.03.2015 വരെ, 28.03.2015, 08.04.2015 മുതൽ 13.04.2015 വരെ, 23.04.2015 മുതൽ 28.04.2015 വരെ, 30.04.2015, 07.05.2015 മുതൽ 08.05.2015 വരെ. |
| (ബി) | ഈ സർക്കാരിന്റെ ഏതെങ്കിലും കാലഘട്ടത്തിൽ സംസ്ഥാനം ഓവർ ഡ്രാഫ്റ്റിലായിട്ടുണ്ടോ ; എങ്കിൽ എപ്പോഴെല്ലാം ; ഓവർ ഡ്രാഫ്റ്റിന് പലിശ നൽകേണ്ടി വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപ ; | ഉണ്ട്. 05.09.2014 മുതൽ 11.09.2014 വരെ സംസ്ഥാനം ഓവർ ഡ്രാഫ്റ്റിലായിരുന്നു. ഓവർ ഡ്രാഫ്റ്റിന് പലിശ നൽകിയ ഇനത്തിൽ 45,04,968/- രൂപ ചെലവായിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി ഉണ്ടോ ; ഇല്ലെങ്കിൽ കോൺട്രാക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് നൽകാനുള്ള കുടിശ്ശിക നൽകാതിരിക്കുന്നത് എന്തുകൊണ്ടാണ് ; | സംസ്ഥാനത്ത് ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. എന്നാൽ നികുതി പിരിവിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാനാകാത്തതിനാൽ സംസ്ഥാനം സാമ്പത്തിക ഞെരുക്കം നേരിടുന്നുണ്ട്. എന്നിരുന്നാലും കരാറുകാരുടെ കുടിശ്ശിക |

| | | |
|---|---|---|
| | | ഘട്ടം ഘട്ടമായി കൊടുത്തു തീർക്കുന്നതിനായി 25.02.2015 ലെ സ.ഉ. (പി) നം. 97/2015/ധന പ്രകാരം ആവിഷ്കരിച്ച ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായ ത്തിനനുസൃതമായി 10.06.2015 ലെ സ.ഉ. (സാധാ) നം. 5597/2015/ധന പ്രകാരം പൊതുമരാമത്ത് (നി രത്ത്, പാലം) വകുപ്പിലെ സെപ്റ്റംബർ 2014 വരെ യുള്ള കുടിശ്ശിക ബില്ലുകൾ 2015 ഡിസംബർ മാസ ത്തോടു കൂടിയും പൊതുമരാമത്ത് (കെട്ടിടം) വകു പ്പിലെ ഡിസംബർ 2014 വരെയുള്ള ബില്ലുകൾ 2015 നവംബർ മാസത്തോടുകൂടിയും ജലവിഭവ വകു പ്പിലെ ഒക്ടോബർ 2014 വരെയുള്ള ബില്ലുകൾ 2015 നവംബർ മാസത്തോടുകൂടിയും കൊടുത്തു തീർക്കുന്നതിനുള്ള ലെറ്റർ ഓഫ് ക്രഡിറ്റ് അനുവദി ക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | എന്തെല്ലാം ഇനത്തിൽ എത്ര കോടി രൂപ സംസ്ഥാന ഗവൺമെന്റ് നൽകേണ്ടതായ ഇനത്തിൽ കുടിശ്ശിക ആയിട്ടുണ്ട് ; വിശദ മാക്കാമോ ? | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നം | വകുപ്പ്/ ഇനം | കാലയളവ് | തുക (കോടിയിൽ) |
|---|---|---|---|
| 1. | പൊതുമരാമത്ത് (നിരത്ത്, പാലം) | 01.04.2014–28.02.2015 | 1268.51 |
| 2. | പൊതുമരാമത്ത് (കെട്ടിടം) | 01.04.2014–28.02.2015 | 394.57 |
| 3. | ജലവിഭവം | 01.04.2014–30.08.2014 | 132.58 |
| 4. | വികലാംഗ പെൻഷൻ | | 68.99 |
| 5. | അഗതി (വിധവാ പെൻഷൻ) | | 197.77 |
| 6. | ദേശീയ വർദ്ധക്യകാല പെൻഷൻ | | 450.05 |
| 7. | 50 വയസിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | 11.80 |
| 8. | കർഷകത്തൊഴിലാളി പെൻഷൻ | | 151.18 |
| 9. | തൊഴിൽരഹിത വേതനം | 06/2015 വരെ | 29.75 |
| 10. | ക്ഷേമ ബോർഡുകൾ മുഖേനയുള്ള പെൻഷൻ കുടിശ്ശിക | 06/2015 വരെ | 44.69 |
| **ആകെ** | | | **2749.89** |

സെക്ഷൻ ഓഫീസർ